# STD - VII

## അദ്ധ്യാപക സഹായി

## പാഠം - പതിനൊന്ന്   ഉത്ഥാനം ജീവന്റെ ആഘോഷം   ഭാഗം - ഒന്ന്

### ലക്ഷ്യം

മരണം ജീവിതത്തിന്റെ അവസാനവാക്കല്ലെന്നും പുതിയ ജീവിതത്തിലേക്കുള്ള വാതിലാണെന്നും, തന്റെ ഉത്ഥാനം വഴി യേശു ലോകത്തിന് വെളിപ്പെടുത്തി.

മരണത്തെയും മരിച്ചവരെയും ഭയക്കേണ്ടതില്ല. മരണം നിത്യജീവനിലേക്കുള്ള കവാടമാണ്. ക്രിസ്തു മരിച്ചവരിൽനിന്ന് ഉത്ഥാനം ചെയ്തതുപോലെ അവസാനദിനത്തിൽ മനുഷ്യരെല്ലാം ഉത്ഥാനം ചെയ്യും എന്ന് ദൃഢമായി വിശ്വസിക്കുന്നു.

### പഠനസഹായികൾ

* വിശുദ്ധ കൊച്ചുത്രേസ്യായുടെ ദിവ്യകാരുണ്യ ഭക്തി - വീഡിയോ
* വിശുദ്ധ മദർ തെരേസായുടെ സൗഖ്യദായക ശുശ്രൂഷകൾ - വീഡിയോ
* ആത്മഹത്യയുടെ വക്കിൽനിന്നും ജീവിതത്തിലേക്ക് വന്നവരുടെ അനുഭവ കഥകൾ - യൂട്യൂബ് വീഡിയോ
* മരണകരമായ അപകടങ്ങളിൽ നിന്നും, രോഗാവസ്ഥയിൽ നിന്നും രക്ഷ നേടിയവരുടെ അനുഭവകഥകൾ
* വചനം - യോഹ. 6:39-40, ലൂക്കാ. 24:34, ഫിലി. 3:20-21, 1 കോറി. 15:44, വെളി. 21:3, മർക്കോ. 8:22-26, മർക്കോ. 16:15-16.
* CCC - 632, 633, 638 (യേശു മരിച്ചവരിൽനിന്നും മൂന്നാംദിനം ഉയിർത്തെഴുന്നേറ്റു)

### പാഠത്തിന്റെ ഉള്ളടക്കം

* യേശുവിന്റെ ചുംബനം - വിശുദ്ധ കൊച്ചുത്രേസ്യാ തന്റെ പ്രഥമ ദിവ്യകാരുണ്യ സ്വീകരണത്തെപ്പറ്റി
* ഉത്ഥാനത്തിന്റെ സന്തോഷം - യേശു മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റു
* മനുഷ്യന്റെ ചിന്തകളെയും കണക്കുകൂട്ടലുകളെയും കീഴ്മേൽ മറിക്കുന്നതായിരുന്നു യേശുവിന്റെ ഉത്ഥാനം
* ഉത്ഥാനം - പുതിയ ജീവിതത്തിന്റെ തുടക്കമാണ്. മരണമില്ലാത്ത ലോകത്തിന്റെ തുടക്കം
* മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം തീർക്കാനുള്ള ഒരു ക്ഷണമാണത്
* മനുഷ്യരെ മനുഷ്യരായി കാണാനുള്ള കണ്ണുകളുടെ തുറവിയുമാണ് ഉത്ഥാനം
* ഒരു പുതിയ ആകാശവും പുതിയ ഭൂമിയും ഈ ലോകത്തു കൊണ്ടുവരാൻ ഓരോ

വിശ്വാസിക്കുമുള്ള ആഹ്വാനമാണ് യേശുവിന്റെ ഉത്ഥാനം

* ആദിപാപം മൂലം നിത്യമരണത്തിലേക്ക് വീണ മനുഷ്യനെ ഉത്ഥാനത്തിലൂടെ യേശു വീണ്ടെടുത്തു
* പാതാളത്തിൽ ഇറങ്ങുകവഴി തനിക്കുമുമ്പേ മരിച്ചുപോയ നീതിമാന്മാരെയും മരണത്തിന്റെ ആധിപത്യത്തിൽ നിന്ന് യേശു മോചിപ്പിച്ചു.
* യഹൂദരെ ഭയന്നു കഴിഞ്ഞിരുന്ന ശിഷ്യന്മാർ ഉത്ഥിതനെ കണ്ടുമുട്ടിയപ്പോൾ ധൈര്യവും ശക്തിയും നിറഞ്ഞവരായി.
* എമ്മാവൂസ് അനുഭവം, ശിഷ്യന്മാരെ പുതുജീവന് ഉടമകളാക്കി.
* ലോകമെങ്ങും പോയി തന്റെ സുവിശേഷമറിയിക്കാനുള്ള ദൗത്യം യേശു ശിഷ്യന്മാരെ ഏല്പിച്ചു.
* ഉത്ഥാനം ചെയ്ത യേശു സദാ നമ്മുടെ കൂടെയുണ്ട്. അവിടുന്ന് നമ്മുടെ കൂടെയുള്ളതാണ് നമ്മുടെ ശക്തിയും ധൈര്യവും.

## പ്രാർത്ഥന

കർത്താവായ ദൈവമേ, മരണം പുതിയ ജീവിതത്തിലേക്കുള്ള വാതിലാണെന്നും, ഉത്ഥാനം ചെയ്ത ഈശോയെപോലെ, അവസാനദിനത്തിൽ മനുഷ്യരെല്ലാം ഉത്ഥാനം ചെയ്യുമെന്ന വിശ്വാസത്തോടെ എല്ലാവരെയും മനുഷ്യരായി കണ്ടുകൊണ്ട് ജീവിക്കുവാനുള്ള കൃപാവരം ഞങ്ങൾക്ക് നൽകണമേ, ആമേൻ.

## ചോദ്യങ്ങൾ

1. മരണത്തെയും മരിച്ചവരെയും നാം ഭയപ്പെടേണ്ടതില്ല. കാരണമെന്ത്?
2. ഈശോ എന്റെ ആത്മാവിൽ പതിച്ച ആ പ്രഥമചുംബനം എത്ര മാധുര്യസമ്പൂർണമായിരുന്നു. അത് ഒരു സ്നേഹചുംബനമായിരുന്നു. ഇതാര് പറഞ്ഞതാണ്?
3. ആദിപാപം മൂലം നിത്യമരണത്തിനു വിധേയനായ മനുഷ്യനെ യേശു എങ്ങനെയാണ് വീണ്ടെടുത്തത്?
4. ക്രൈസ്തവ വിശ്വാസത്തിന്റെ കേന്ദ്രം എന്ന് വിശേഷിപ്പിക്കുന്നത് എന്തിനെ? ഇതിനെക്കുറിച്ച് ബൈബിൾ എന്ത് പഠിപ്പിക്കുന്നു?
5. എമ്മാവൂസ് അനുഭവം വ്യക്തമാക്കുക.

# STD - VII

## അദ്ധ്യാപക സഹായി

## പാഠം – പതിനൊന്ന്   ഉത്ഥാനം ജീവന്റെ ആഘോഷം   ഭാഗം – രണ്ട്

### ലക്ഷ്യം

മരണം ജീവിതത്തിന്റെ അവസാന വാക്കല്ലെന്നും, പുതിയ ജീവിതത്തിലേക്കുള്ള വാതിലുമാണെന്ന് യേശു തന്റെ ഉത്ഥാനംവഴി ലോകത്തിന് വെളിപ്പെടുത്തിയത്. ഉത്ഥാനം ചെയ്ത യേശു സദാസമയം നമ്മുടെ കൂടെയുണ്ട്. യേശു കൂടെയുള്ളതാണ് നമ്മുടെ ശക്തിയും ധൈര്യവും. നവജീവന്റെ ഉറവിടമായ ഉത്ഥിതനായ യേശുവിനോടൊപ്പം നിത്യം വസിച്ചുകൊണ്ട് ധൈര്യവും ശക്തിയും ആർജിച്ചുകൊണ്ട് യേശുവിനെ പ്രഘോഷിക്കും. ക്രിസ്തുസാക്ഷിയായി ജീവിക്കും.

### പഠനസഹായികൾ

* CCC - 659 (യേശു സ്വർഗത്തിലേക്ക് ആരോഹണം ചെയ്തു), 668 (ക്രിസ്തു സഭയിലൂടെ ഇപ്പോഴും ഭരിക്കുന്നു)
* വചനം – ലൂക്കാ. 24:51 (സ്വർഗത്തിലേക്ക് സംവഹിക്കപ്പെടുന്ന യേശു)

### പാഠത്തിന്റെ ഉള്ളടക്കം

* യേശുവിന്റെ ദൈവരാജ്യ പ്രഘോഷണം അവിടുത്തെ നയിച്ചത് പീഡാസഹനത്തിലേക്കും, മരണത്തിലേക്കുമാണ്.
* യേശു മരിച്ചാൽ എല്ലാം ഇല്ലാതാകുമെന്ന് ശത്രുക്കൾ കരുതി
* മരണമെന്ന ശത്രുവിനെ തോൽപ്പിച്ചുകൊണ്ട് യേശു മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റു
* മരണം ജീവിതത്തിന്റെ അവസാന വാക്കല്ലന്നും, പുതിയ ജീവിതത്തിന്റെ വാതിലാണെന്നും, തന്റെ ഉത്ഥാനം വഴി യേശു ലോകത്തിനു കാണിച്ചുകൊടുത്തു.
* മരണത്തിന് അപ്പുറമുള്ള ദൈവരാജ്യത്തിന്റെ വിസ്തൃത കവാടങ്ങൾ, തന്റെ ഉത്ഥാനം വഴി യേശു തുറന്നിട്ടു
* മരണത്തേയും മരിച്ചവരേയും ഭയപ്പെടേണ്ടതില്ല. മരണം നിത്യജീവന്റെ കവാടമാണ്
* ക്രിസ്തു ഉയിർത്തതുപോലെ, അവസാന ദിവസത്തിൽ മനുഷ്യരെല്ലാം ഉയിർപ്പിക്കപ്പെടും എന്നത് ക്രൈസ്തവ വിശ്വാസത്തിന്റെ കേന്ദ്രമാണ്.
* നന്മ ചെയ്തവർ ജീവന്റെ ഉയിർപ്പിനായും തിന്മ ചെയ്തവർ അന്ത്യവിധിയുടെ ഉയിർപ്പിനായും, ക്രിസ്തുവിന്റെ ഉയിർപ്പിന്റെ ശക്തിയാൽ കല്ലറയിൽ നിന്നു പുറത്തുവരുമെന്ന് ബൈബിൾ പഠിപ്പിക്കുന്നു
* ദൈവവരത്താൽ നീതികരിക്കപ്പെട്ടവർക്ക്, പൂർണ്ണമായി ശുദ്ധീകരിക്കപ്പെട്ടവർക്ക് –

ക്രിസ്തുവുമായുള്ള നിത്യസഹവാസവും, ത്രിയേകദൈവദർശനവും ലഭിക്കുന്ന താണ്.

* മഹത്ത്വീകൃതനായ ക്രിസ്തുവുമൊത്തുള്ള നിത്യജീവിതവും, ത്രിയേക ദൈവത്തിന്റെ ജീവനിൽ പങ്കുചേരലുമാണ് സ്വർഗീയസൗഭാഗ്യം.
* നമ്മുടെ സമൂഹത്തിൽ മൃതരെപ്പോലെ ജീവിക്കുന്നവരെ സ്നേഹത്തിന്റെ തൈലം പൂശി തൊട്ടുണർത്തുമ്പോൾ ഉത്ഥാനാനുഭവമുണ്ടാകുന്നു
* നമ്മുടെ പരസ്പര സ്നേഹത്തിലൂടെ ഉത്ഥാനത്തിന്റെ പ്രകാശം എല്ലായിടത്തും പ്രസരിക്കണം
* ജ്ഞാനസ്നാനം വഴി യേശുവിന്റെ മരണത്തിലും, ഉത്ഥാനത്തിലും നാം പങ്കുചേരുന്നു
* മരിച്ചവർക്കുവേണ്ടി നാം പ്രാർത്ഥിക്കണം. യേശുവിന്റെ ഉത്ഥാനത്തിന്റെ സന്തോഷത്തിൽ മരിച്ചവരും, ജീവിച്ചിരിക്കുന്നവരും പങ്കുചേരേണ്ടതാണ്.

## പ്രാർത്ഥന

ഉത്ഥാനം വഴി സ്വർഗകവാടം തുറന്നുതന്ന ഈശോനാഥാ, മരണത്തെ ജയിച്ച അങ്ങയുടെ ഉത്ഥാനമഹത്വം ദർശിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ, ആമേൻ.

## ചോദ്യങ്ങൾ

1. സ്വർഗത്തെയും സ്വർഗീയ ജീവിതത്തെയും സൂചിപ്പിക്കുവാൻ വിശുദ്ധഗ്രന്ഥം ഉപയോഗിക്കുന്ന സംജ്ഞകൾ ഏതെല്ലാം?
2. സ്വർഗീയ സൗഭാഗ്യം എന്നാൽ എന്ത്?
3. യേശുവിന്റെ മരണത്തോടെ ചിതറിപ്പോയ ശിഷ്യന്മാർ ധൈര്യവും ശക്തിയും നിറഞ്ഞവരായി മാറിയതെപ്പോൾ?
4. ഉത്ഥാനാനുഭവം നമ്മിൽ സഫലമാകുന്നതെപ്പോൾ?
5. ഉത്ഥാനത്തിന്റെ പ്രകാശം നമുക്കെങ്ങനെ എല്ലായിടത്തും പ്രസരിപ്പിക്കാനാകും?